DESPATCHED
On..13/8/21...



2/8/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic.ker@nic.in

ഹർജി നമ്പർ **AP 334(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.4396/SIC-Gen4/2021**

സന്നിഹിതൻ
ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 ആഗസ്റ്റ് 2

ശ്രീ. പി. ശശിധരൻ,
കളപ്പുരയ്ക്കൽ,
ചുട്ടിപ്പാറ, പത്തനംതിട്ട. } പരാതി ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
ജില്ലാ സാമൂഹ്യനീതി ഓഫീസ്,
കാപ്പിൽ ആർക്കേഡ് (Doctors Lane),
പത്തനംതിട്ട – 689 645.

2. അപ്പലേറ്റ് അതോറിറ്റി &
ജില്ലാ സാമൂഹ്യ നീതി ഓഫീസർ,
ജില്ലാ സാമൂഹ്യനീതി ഓഫീസ്,
കാപ്പിൽ ആർക്കേഡ് (Doctors Lane),
പത്തനംതിട്ട – 689 645.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 15.1.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 5.2.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 15.2.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 12.3.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 26.3.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 29.3.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 7.4.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 6.5.2021 |
| ഹിയറിംഗ് (വീഡിയോ) തീയതി | 30.7.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

# ഉത്തരവ്

ശ്രീ. പി. ശശിധരൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടിയിൽ എല്ലാ വിവരങ്ങളും നിഷേധിച്ചിരുന്നു എന്നും തുടർന്ന് രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ നൽകി എന്നും ആയതിന് ലഭിച്ച മറുപടി എസ്.പി.ഐ.ഒ നൽകിയ മറുപടി ശരിവയ്ക്കുന്നതും 8(1)(ജെ) യുടെ പേരിലും പൊതു താത്പര്യത്തിന്റെ പേരിലുമാണ് രണ്ടാം എതിർകക്ഷി വിവരങ്ങൾ നിരസിച്ചിരിക്കുന്നതെന്നും ആയതിനാൽ അപ്പീൽ തീർപ്പാക്കി തരണമെന്നും എതിർകക്ഷികൾക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

1) പത്തനംതിട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസിലെ സ്ഥിരം ജീവനക്കാരുടെയും താത്ക്കാലിക ജീവനക്കാരുടെയും കരാർ ജീവനക്കാരുടെയും പാർട്ട് ടൈം ജീവനക്കാരുടെയും പേരും തസ്തികയും വിലാസവും ഡി.എ., എച്ച്.ആർ.എ., റേഷൻ മണി ഇവ ചേർത്തുള്ള മുഴുവൻ ശമ്പളവും ഇനം തിരിച്ച് നൽകണമെന്നും

2) മേൽ ഖണ്ഡികയിലെ മുഴുവൻ ജീവനക്കാരും ടി ഓഫീസിൽ ജോലിയിൽ പ്രവേശിക്കുന്നതിന് വേണ്ടി ഹാജരാക്കിയ Joining Report-ന്റെ പകർപ്പുകൾ ലഭ്യമാക്കണമെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങൾ ഖണ്ഡിക തിരിച്ച് നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ആയതിനെതിരെ ഹർജിക്കാരൻ നൽകിയ ഒന്നാം അപ്പീൽ ഹർജിയിൽ വിവരങ്ങൾ നിരസിക്കുന്നതിനുള്ള കാരണങ്ങൾ ഒന്നാം എതിർകക്ഷി വിശദീകരിച്ചിട്ടില്ലെന്നും അപേക്ഷയിന്മേൽ വിവരാവകാശ നിയമം 6 (3) വകുപ്പു പ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ലെന്നും ആവശ്യപ്പെട്ട വിവരങ്ങൾക്ക് പൂർണ്ണമായ മറുപടി നൽകി അപ്പീൽ തീർപ്പാക്കണമെന്നുമാണ് ആവശ്യപ്പെട്ടത്. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, 1, 2, 5, 6 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തിഗത വിവരവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാലും മേൽപ്പടി വിവരങ്ങൾ ലഭ്യമാക്കുന്നതിൽ

പൊതുതാത്പര്യം ഉണ്ടെന്ന് ബോധ്യപ്പെടാത്ത സാഹചര്യത്തിലും വിവരാവകാശ നിയമം 2005, 8(1)(ഇ) & 8(1)(ജെ) പ്രകാരം വെളിപ്പെടുത്തേണ്ട ആവശ്യമില്ലാത്തതിനാലും എസ്.പി.ഐ.ഒ നൽകിയ മറുപടി അംഗീകരിച്ച് അപ്പീൽ തീർപ്പാക്കുന്നു എന്നുമാണ്.

4. രണ്ടാം എതിർകക്ഷി 30.4.2021 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 15.1.2021 ലെ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 5.2.2021–ാം തീയതി എസ്.പി.ഐ.ഒ മറുപടി നൽകിയിരുന്നു എന്നും ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് 15.2.2021 തീയതി ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും 12.3.2021 തീയതി അപ്പീൽ തീർപ്പാക്കി മറുപടി നൽകിയിട്ടുള്ളതാണെന്നും വിവരാവകാശ അപേക്ഷയിലെ 1, 2, 5, 6 എന്നിവയിൽ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തിഗത വിവരങ്ങളുമായി ബന്ധപ്പെട്ടതായിരുന്നു എന്നും ടി വിവരങ്ങൾ എതിർകക്ഷിയായ ഹർജിക്കാരന് നൽകുന്നത് ടിയാളുടെ വ്യക്തിപരമായ ആവശ്യങ്ങൾക്ക് മാത്രമായിട്ടുള്ളതും പൊതു താത്പര്യത്തിന് യാതൊരു ഉപകാരവും ഇല്ലെന്നു ബോധ്യപ്പെട്ടതിനാലുമാണ് വിവരവകാശ നിയമം വകുപ്പ് 8(1) (ഇ) & (ജെ) പ്രകാരം വിവരങ്ങൾ വെളിപ്പെടുത്താതിരുന്നത് എന്നും ഹർജിക്കാരന്റെ അപേക്ഷയിലെ 3–ാംമത്തെ ചോദ്യം പരിഗണിച്ച് അന്വേഷണം നടത്തി ആയതിന്റെ റിപ്പോർട്ട് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് നൽകിയിട്ടുണ്ടെന്നും 4–ാമത്തെ ചോദ്യവുമായി ബന്ധപ്പെട്ടുള്ള അന്വേഷണത്തിൽ മൊബൈൽ ഫോൺ മുഖാന്തിരം ആരും വീഡിയോ പകർത്തിയിട്ടില്ലെന്ന എസ്.പി.ഐ.ഒയുടെ മറുപടി അംഗീകരിച്ച് അപ്പീൽ തീർപ്പാക്കിയിട്ടുണ്ടെന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എല്ലാം വിവരാവകാശ നിയമം 8(1)(ഇ) & (ജെ) വകുപ്പുകൾ പ്രകാരം നിരസിക്കേണ്ടതല്ലെന്ന് കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ അപേക്ഷയിലെ 1, 2 ഇനങ്ങൾ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ 10.8.2021 നകം ഹർജിക്കാരന് നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. 3, 4 എന്നീ ഇനങ്ങൾക്ക് നൽകിയ മറുപടിയിൽ അപാകതയൊന്നും കാണുന്നില്ല. 5, 6 എന്നീ ഇനങ്ങളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് സാമൂഹ്യ നീതി ഓഫീസർ ശ്രീ. ജാഫർ ഖാനുമായി ബന്ധപ്പെട്ട വിവരങ്ങളായതിനാൽ ടിയാൻ ഏത് ഓഫീസിലാണ് ഇപ്പോൾ ജോലി ചെയ്യുന്നത് എന്ന് അറിയാമെങ്കിൽ ഹർജിക്കാരന്റെ അപേക്ഷ വിവരാവകാശ നിയമം 6(3) പ്രകാരം ടി ഓഫീസിലേക്ക് ഈ ഉത്തരവ് കൈപ്പറ്റി 5 ദിവസത്തിനകം അയച്ചു കൊടുക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയും അപ്പീലപേക്ഷയും വളരെ ലാഘവത്തോടെയാണ് (എതിർകക്ഷികൾ) കൈകാര്യം ചെയ്തിരുന്നത് എന്ന് എതിർകക്ഷികൾ നൽകിയ മറുപടിയിൽ നിന്ന് കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ആഗസ്റ്റ് 2-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk